

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 14 No.2 Newsletter February 2016



"ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാകുന്നു"

(പുറപ്പാട് 15:26)

## അഭിനന്ദനങ്ങൾ



കാരക്കോണം മെഡിക്കൽ കോളേജിൽ പ്രൊഫസർ ഓഫ് ഡെർമ്മറ്റോളജി ആന്റ് വെനിറോളജി ആയി ഉദ്യോഗക്കയറ്റം ലഭിച്ച ഡോ. ജോആൻ ഫെലിസിറ്റ സാംസൺ. ഭർത്താവ്: ഡോ. ജി.കെ. ലിബു. മക്കൾ: ജോഷ്വ സാം ലിബു, ജോസഫ് സാം ലിബു



കേരള സർവ്വകലാശാലയിൽ നിന്നും എം.എസ്.സി സുവോളജിയിൽ ഫസ്റ്റ്ക്ലാസും ഡിസ്റ്റിംഗ്ഷനും കരസ്ഥമാക്കിയ സൗമ്യ ഡാനിയൽ. പിതാവ്: റോസ് മിലൻ ഡാനിയൽ, മാതാവ്: വി.എസ്. റാണി പത്മകുമാരി.



സ്ത്രീജനസഖ്യം നടത്തിയ കലാമത്സരത്തിൽ ബൈബിൾ ക്വിസ്സിന് ഏരിയാ തലത്തിൽ ഒന്നാം സ്ഥാനവും, നമ്മുടെ സഭയിലെ ഗോസ്പൽ ബാന്റ് പ്രായഭേദമെന്യേ നടത്തിയ ബൈബിൾ ക്വിസ്സ് മത്സരത്തിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കിയ ഇ.എച്ച്.ഹെലൻ സാറാമ്മ. സീനിയർ സിറ്റിസൺ ഫെല്ലോഷിപ്പിന്റെ ജോയിന്റ് സെക്രട്ടറിയാണ്.

### സംഘടനാ ഭാരവാഹികൾ – 2016

**സണ്ടേസ്കൂൾ:** അധ്യ. സഗുണരാജ് (സെക്രട്ടറി), അജി വിനോദ് റോയ് (അക്കൗണ്ടന്റ്), ചെല്ല ഫ്ളോറി വിൽസൺ (ട്രഷറർ). കമ്മറ്റിയംഗങ്ങൾ: ഡോ. സജിത സഞ്ജീവ്, സോജാ ജോൺ.

**സ്ത്രീജനസഖ്യം:** വൽസ സെലിസ്റ്റിൻ (പ്രസിഡന്റ്), ശാന്തി സുനിൽ ബാബു (വൈസ് പ്രസിഡന്റ്), സാലിമാ ബെൻ (സെക്രട്ടറി), അനിത പ്രദീപ് (ട്രഷറർ), ഹെലൻ ബേബി (അക്കൗണ്ടന്റ്). കമ്മറ്റിയംഗങ്ങൾ: ലൈലാ ജോൺസ്, പ്രഭാ ജോഷ്വാ, ശാന്താ ജഗദാസ്, വസന്ത ജോൺസൺ, വിമലാ ജെയിംസ്.

**സി.ഇ.വൈ.എഫ്:** ലിജിൻ ഡേവിഡ് (വൈസ് പ്രസിഡന്റ്), സെരാഗിൽ ഓസ്റ്റിൻ പ്രിൻസ് (സെക്രട്ടറി), ജെറിയാ. ജെ (അക്കൗണ്ടന്റ്), ബിനിൽ ജി. എഡ്വിൻ (ട്രഷറർ). കമ്മറ്റിയംഗങ്ങൾ: ആൻ സുനിൽ സ്റ്റീഫൻ, നിഷാ പ്രതാപ്, റജി ഡേവിഡ്, റൂബൻ എസ്.എൽ, റോയ് വൈ.എ.

**എസ്.സി.എഫ്:** ഇ.എച്ച്.ജോൺ (വൈസ് പ്രസിഡന്റ്), ഡോ. ഇ. ജോൺസൺ (സെക്രട്ടറി), പ്രൊഫ. ഒളിവർ മേയ്സൺ (പ്രോഗ്രാം കോ-ഓർഡിനേറ്റർ), ലളിത ജയകുമാർ (അക്കൗണ്ടന്റ്), വൈ. ക്രിസ്തുദാസ് (അഡ്വൈസർ), ഹെലൻ സാറാമ്മ (ജോയിന്റ് സെക്രട്ടറി). കമ്മറ്റിയംഗങ്ങൾ: എസ്.കെ. ഡെന്നിസൺ, ഫ്രീഡ ക്രിസ്റ്റഫർ, പ്രേമജ എസ്. ഫ്രെഡറിക്, വിമല അലക്സ്, വി. ഗ്രേസമ്മാൾ, പേർളിൻ സോളമൻ.

**ഓബേൺ പകൽവീട്:** ക്രിസ്തുമസ് ആഘോഷങ്ങൾ ഡിസംബർ 16-ന് പൂവാറിലുള്ള ക്ലബ് മഹേന്ദ്ര എന്ന റിസോർട്ടിൽ വെച്ച് നടക്കുകയുണ്ടായി. അംഗങ്ങൾ കരോൾ ഗാനങ്ങൾ അവതരിപ്പിക്കുകയും, ബ്രെയിലി വായനയും ഉണ്ടായിരുന്നു. ഓബേൺ പകൽവീടിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾക്ക്: ശ്രീമതി. സുശീലാ സുഗുണൻ, കോ-ഓർഡിനേറ്റർ (9895260052).

# CHURCH VOICE

14th year of publication

**FEBRUARY 2016**



**Chief Editor**

Rev. T. Selvarajan

**Editor**

R. Sajan Samson

**Sub-Editor**

Manoj Kumar Ebenezer

**Editorial Board**

Rev. C.R. Vincent
Rev. E. Sunin Spenzer
Dr. Christenson E. Sarasam
Adv. Sarjine Thomas

**Circulation Manager**

Zaem Enock



**Address:**

The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to :

churchvoice@gmail.com
before 15th of every month

Church Voice can be read online at our website

www.mateermemorialchurch.com

**Printed at :**

**Grace Printers**
**Muttada Ph: 2540523**


## CSI MATEER MEMORIAL CHURCH
## Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

## Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. T. Selvarajan(President) | 2724658 | 9497017194 |
| Rev. C. R. Vincent (Presbyter) | 2316544 | 9446850066 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Dr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | 2115678 | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. M. Sam Moses | 2311754 | 9447011754 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | 2553247 | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Mr. T. Jayakumar Alfred | 2534781 | 9895110652 |
| Church Office | 2311347 | |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

From the Presbyter's desk



# The Season of Repentance - Lent

Greetings to you all in the name of our Lord and Saviour Jesus Christ.

This is the season of Lent. Lent is a time when Christians prepare for Easter by observing a period of fasting, repentance, moderation and spiritual discipline. The purpose is to set aside time for reflection on Jesus Christ - his suffering and his sacrifice, his life, death, burial and resurrection. The Oxford dictionary defines it as the period preceding Easter, which is devoted to fasting, abstinence, and penitence in commemoration of Christ's fasting in the wilderness. In the traditionalChurches, it runs from Ash Wednesday to Holy Saturday, and so includes forty weekdays.

In Old Testament times, fasting was observed to express grief.Isaiah 58: 1- 14reflects on true and false fasting.In this chapter, Yahweh calls the prophet to address the problem of false religious observance. Fasting is meant to encourage believers to respond positively to God's commands. As they deprive themselves of certain physical needs - food, sleep, or sexual relations, for example - they are better able to see the weakness of their flesh and to hear God's voice. Although the citizens of Judah are fasting, they are neglecting the clear instructions from the Lord to care for the less fortunate among them and to treat them as members of their own family who at one time had been slaves in Egypt. In other words, they were missing the point. Fasting should result in self-denial, not self-indulgence. When believers share with others it serves as a reminder that all they own ultimately belongs to God. True fasting will lead to humility before God and ministry to others.

Psalms 6, speak the language of a heart truly humbled. The affliction of the body will be tolerable, if you have comfort in the soul. Christ's sorest complaint, in his sufferings, was of the trouble of his soul, and the want of his Father's smiles. Every page of Scripture proclaims the fact that salvation is only of the Lord. Man is a sinner, his case can only be reached by mercy; and never is mercy more illustrious than in restoring backsliders. With good reason we may pray, that if it be the will of God, and he has any further work for us or our friends to do in this world, he will yet spare us or them to serve him. Having made his request known to God, the psalmist is confident that his sorrow will be

turned into joy. By the workings of God's grace upon his heart, he knew his prayer was accepted, and did not doubt but it would, in due time, be answered. His prayers will be accepted, coming up out of the hands of Christ the Mediator. The word signifies prayer made to God, the righteous Judge, as the God of his righteousness, who would plead his cause, and right his wrongs. A believer, through the blood and righteousness of Christ, can go to God as a righteous God, and plead with him for pardon and cleansing, who is just and faithful to grant both.

The story Repaint and Thin No More gives us valuable insights on repentence. Jack, the painter, often would thin (mix paint with turpentine) his paint so it would go further. So when the Church decided to do some maintenance, Jack was able to put in the low bid, and got the job. As always, he thinned his paint way down with turpentine.

One day while he was up on the platform -- the job almost finished -- he heard a horrendous clap of thunder, and the sky opened.

The downpour washed the thinned paint off the church and knocked Jack off his platform and onto the lawn among the gravestones and puddles of thinned and worthless paint.

Jack knew this was a warning from the Almighty, so he got on his knees and cried: "Oh, God! Forgive me! What should I do?"

And from the thunder, a mighty voice: "REPAINT! REPAINT! AND THIN NO MORE!"

Let me conclude this article by a few lines written by William Arthur on fasting-

Fast from fear; Feast on Faith
Fast from despair; Feed on hope.
Fast from depressing news; Feed on prayer.
Fast from discontent; Feast on gratitude.
Fast from anger and worry; Feed on patience.
Fast from negative thinking; Feast on positive thinking.
Fast from bitterness; Feed on love and forgiveness.
Fast from words that wound; Feast on words that heal.
Fast from gravity; Feast on joy and humour.
Let God Almighty nourish us with his words this Lent season.

God bless you all.

**Rev. T. Selvarajan**

Presbyter-in-charge

## SECRETARY'S REPORT



Ash Wednesday falls on the 10th of February. The Lenten season beings with Ash Wednesday. The beginning of the Lent calls for a round about turn. A contrite heart is the need of the hour. The very thought of lent should make our life so serene, serious, revived and renewed. This season reminds us once again that the Cross of Christ alone can save us from our sins. So, let us be lead to the foot of the cross to a life of self-denial and self-sacrifice.

God has sent us into a world of contradictions and confusion, where we are called upon to stand in the gap, involved in the ministry of healing and consolation. Sunday 14th February is observed as Healing Sunday by the CSI. Healing is the process of removing the root cause, blocks, impediments, hurdles, bottlenecks and restoring relationship and well being. Healing is the divine touch that is needed for settling the present crisis that we face from the Diocesan authorities. May the Lord graciously intervene and grant us a healing touch in restoring our property rights and privileges that we had been enjoying for more than a century.

At the request of our Church members: Mr. Jose Sundaram J.C, Dr. Raja Thangom, Mrs. Laitha Jane and Mr. J. Jaya Raj, resolved to strictly stick on to the earlier decision of the Church not to allow reconstruction of the Cemetery compound wall constructed by us on our side touching the Beverages Corporation compound.

A special prayer meeting was arranged under the Gospel Band of the Church from 7.00pm to 9.00pm on Thursday 14/01/2016 in continuation to the Thursday Service to intensely pray for a harmonious remedy on the issues to be discussed in the meeting of the General Body held on 17/01/2016.

The dedication of the Church building at Manikanteswaram Mission field was dedicated by our Bishop at 3.30pm on 26/01/2016. An amount of Rs.50,000/- was sanctioned as final financial assistance and resolved to name the Church as "CSI City Mission Church Manikanteswaram - A Project of MM Church".

In view of the observance of Healing Sunday, an amount of Rs.10,000/- was sanctioned towards Paliative care ministry of the Diocese.

The resolution proposed and signed by 565 members, presented and approved by the meeting of the General Body on 17/01/2016 was submitted to the Bishop for restoration of our property rights.

Sri.B. Chellan (former Diocesan Secretary & father of our Church member: Mr. C.F. Santhosh Kumar) was called to eternal rest on 16/01/2016. His mortal remains will be buried at 4.30pm at his Amaravila residence premises on Tuesday, 19th January, 2016.

Requests are invited from Church members who require financial aid towards House maintenance /Marriage Aid/ Medical Treatment. The applications may be submitted to the Church Office with all details.

Our Church has bagged 1st Prize for Church Decoration Competition during Christmas season, instituted by UCM.

Congratulations to the CEYF and all who toiled hard for this purpose. The prizes were awarded on the 25th of January, 2016 at the Trinity Mar Thoma Church, Medical College, Trivandrum.

Obituary

.Mr. Daniel Jones, Thekkummoodu (F.No.326) was called to eternal rest on 18/01/2016 and was buried in our Cemetery on 19/01/2016. Let us uphold the bereaved family members in our continued prayers.

**Dr. Christenson E. Sarasam**
Church Secretary



# പ്രതിവാര ധ്യാനം

**ഫെബ്രുവരി 2016**

ഫെബ്രുവരി 7, ഒന്നാം ഞായർ

വിഷയം: **നോമ്പുകാലം: വീണ്ടെടുപ്പിന്റെ സമുചിത സമയം**

യെശയ്യ. 58:1–14, സങ്കീ.6, റോമ. 2:1–13, യോഹ. 5:1–9

ഫെബ്രുവരി 14, സൗഖ്യദായക ശുശ്രൂഷ ഞായർ

വിഷയം: **അശരണരോടും പാർശ്വവൽക്കരിക്കപ്പെടുന്നവരോടും കൂടെയായിരിക്കുക**

എസ്ഥേ. 4:1–17, സങ്കീ.43, അ.പ്ര.15:12–21, മർക്കൊ.1:40–45

ഫെബ്രുവരി 21, മൂന്നാം ഞായർ

വിഷയം: **പാപഭാരത്തിൽ നിന്നുള്ള മോചനം**

2. ശമൂ. 12:1–14, സങ്കീ. 32, അ. പ്ര.8:9–25, മർക്കൊ. 2:1–12

ഫെബ്രുവരി 28, നാലാം ഞായർ

വിഷയം: **അതിരുകൾക്കപ്പുറത്തുള്ളവരുടെ വിശ്വാസം തിരിച്ചറിയൽ**

യെശ.44:28–45:8, സങ്കീ.125, അ.പ്ര.10:24–33, മത്താ.15:21–28

# ബന്ധങ്ങൾ, മുറിവ്, സൗഖ്യം

റവ. ഡോ. മൽഹിയാ ജോഷ്വാ
(യു.സി. കോളേജ്, ആലുവ)

വേദപുസ്തകം ആരംഭിക്കുന്നത് ദൈവം ആദിയിൽ ചെയ്ത സൗഖ്യമാക്കൽ ശുശ്രൂഷയോടെയാണ്: പാഴും ശൂന്യവുമായി അലങ്കോലപ്പെട്ടുകിടന്ന ഇടത്തെ ക്രമീകൃതവും വാസയോഗ്യവുമായ പ്രപഞ്ചമാക്കിയതു കൂടാതെ(chaos into cosmos)തുടർന്ന് പ്രപഞ്ചത്തിലെ എല്ലാദൈവീക ഇടപെടലും സൗഖ്യമാക്കൽ ആയിരുന്നു.

സൗഖ്യമാക്കൽ എന്നതിനു പല അർത്ഥങ്ങളും ഉണ്ട്: 1. വേദനയിൽ നിന്നുള്ള വിടുതൽ ലഭ്യമാക്കുക 2. പൊട്ടിപ്പോയ ബന്ധങ്ങളെ കൂട്ടിയോജിപ്പിക്കുക. ശാരീരികമായ മുറിവു പറ്റുമ്പോഴും മനുഷ്യർ തമ്മിലുള്ള ബന്ധത്തിനും ദൈവവുമായുള്ള ബന്ധത്തിനും ക്ഷതം ഏൽക്കുമ്പോഴും സൗഖ്യം ആവശ്യമാണ്. ഒരു വസ്തു എന്തിനു വേണ്ടി നിർമ്മിക്കപ്പെട്ടിരിക്കുന്നുവോ ആ കർത്തവ്യം നിറവേറ്റുന്നതിൽ വീഴ്ചവരുത്തിയാൽ ആ വസ്തുവിനു മുറിവുസംഭവിച്ചു എന്നു കരുതാം. ഇത് മനുഷ്യജീവിതത്തിനും സംഗതമാണ്. 3. മുറിവിലേക്ക്പുതിയ അർത്ഥത്തോടെ നോക്കുക;മുറിവുകൾ വഹിച്ചുകൊണ്ടുതന്നെ അർത്ഥവത്തായ ജീവിതത്തിനു പുതിയസാധ്യതകൾ അന്വേഷിക്കുക. പൗലൊസ് അപ്പൊസ്തലൻ അനുഭവിച്ച 'ജഡത്തിലെ ശൂലം' എന്ന 'മുറിവ്' പരിഹരിക്കുവാൻ കർത്താവിനോട് അപേക്ഷിക്കുമ്പോൾ ശാരീരികശമനം ലഭിച്ചില്ലെങ്കിലും ദൈവീകകൃപയിലൂടെ തന്റെ ജീവിതത്തിന്റെ ഒരു ഭാഗമായി അതിനെ അംഗീകരിക്കുവാനും 'സന്തോഷത്തോടെ' തന്റെ 'ബലഹീനതകളിൽ പ്രശംസിക്കുവാനും' അവനു കഴിഞ്ഞു (2കൊരി 12:7-9).

സൗഖ്യമാക്കലിന്റെ വിവിധ തലങ്ങൾ ഉൾക്കൊള്ളുന്ന ഭാഗമാണ് 2രാജാ 5:1-14- യിസ്രായേലിൽ നിന്നും പിടിക്കപ്പെട്ട പെൺകുട്ടി നയമാന്റെ ഭാര്യയുടെ സേവകയായിതീരുന്നു. പ്രിയപ്പെട്ടവരിൽ നിന്നും അകന്നുകഴിയുമ്പോൾ മുറിവേറ്റജീവിതം. നയമാന്റെ രോഗത്തെ പ്രതിപാദിക്കുമ്പോൾ തൃപ്തികരവും ആരോഗ്യകരവുമായ സ്വന്തം ജിവിതത്തെ ചൂണ്ടുന്നു. 'എന്റെ യജമാനൻ" തന്റെ മാതൃരാജ്യമായ ശമര്യയിലെ പ്രവാചകനെ സമീപിക്കുവാൻ അപേക്ഷിക്കുന്നു. ബന്ധങ്ങൾ അറ്റുപോയ രണ്ടു രാജ്യങ്ങളെ യോജിപ്പിക്കുന്ന മാർഗ്ഗമാണിത്- **സൗഖ്യം ബന്ധങ്ങളിൽ(5:3)**. സൃഷ്ടിപരമായും ക്രിയാത്മകമായും മറ്റുള്ളവരെപ്പറ്റി ചിന്തിക്കുമ്പോൾ അവരുടെ നന്മയെപ്പറ്റിമാത്രം സംസാരിക്കുമ്പോൾ അത് ആരോഗ്യകരമായ ബന്ധത്തിലേക്കുനയിക്കും.

**സൗഖ്യം ആത്മീയതയിൽ: (5:8)** അധികാരത്തിന്റെ മത്തുപിടിച്ച അവസ്ഥയിൽനിന്നും ആത്മീയതയുടെ സ്വതന്ത്രാവസ്ഥയിലേക്കുള്ള ഒരു

മാറ്റം നാം ഇവിടെ കാണുന്നു. നയമാനും അരാം രാജാവും സൗഖ്യമാക്കലിനെ അധികാരത്തോടെ സമീപിക്കുന്നു. പെൺകുട്ടി നയമാനെ പ്രവാചക സന്നിധിയിലേക്കു നയിക്കുമ്പോൾ രാജാവ് അവനെ യിസ്രായേലിലെ രാജസന്നിധിയിൽ അയക്കുന്നു. തന്റെ ശക്തി പ്രകടിപ്പിക്കുന്നതിനു വില പിടിച്ച സമ്മാനങ്ങളുമായിട്ടാണ് നയമാനെ അയക്കുന്നത്. രാജാവ് കൊടുത്തുവിട്ട കത്തും സമ്മാനങ്ങളും നയമാന്റെ പ്രശ്നം പരിഹരിക്കും എന്നു ധരിച്ചു. തന്റെ രാജ്യം യിസ്രായേലിനെക്കാൾ മെച്ചമെന്ന് നയമാനും കരുതി (വാ.12).പ്രവാചകനിൽക്കൂടെ ദൈവം പഠിപ്പിക്കുന്നത്ഡംഭും അഹങ്കാരവുമല്ല, വിനയമാണ് സൗഖ്യത്തിലേക്കു നയിക്കുന്നത്. പട്ടാളമേധാവി അന്യരാജ്യത്തു ചെന്നപ്പോൾ പ്രതീക്ഷിച്ചത് ആർഭാടമായ വരവേൽപ്പ്; ലഭിച്ചതോ, പ്രവാചകന്റെ കൽപ്പനയും ('യോർദ്ദാനിൽ ഏഴുപ്രാവശ്യം മുങ്ങുക'). വിശേഷപ്പെട്ട നദികളിലെ വെള്ളമല്ല, വിനയവും അനുസരണവുമാണ് സൗഖ്യത്തിലേക്കുനയിക്കുന്നത്.

**ശാരീരിക സൗഖ്യം (5:14)** – പട്ടാളമേധാവിക്ക് ആവശ്യമായ ശരീരഘടനയും ധീരതയും നയമാന് ഉണ്ടായിരുന്നു; അതുകൊണ്ട് രാജാവും അവനെ ഇഷ്ടപ്പെട്ടിരുന്നു. എന്നാൽ നികൃഷ്ടമായ ത്വക്കുരോഗം അവന്റെ പദവിക്ക് കളങ്കമായിരുന്നു. മാന്യതയും അധികാരവും ഉണ്ടായിരുന്നുവെങ്കിലും ദൈവപുരുഷന്റെ വാക്കുകൾക്ക് വിനയപ്പെട്ടതുകൊണ്ട് സൗഖ്യം ലഭിച്ചു. ദൈവഭയമുള്ള, പ്രവാചകനിൽക്കൂടെ ദൈവം ചെയ്തുകൊണ്ടിരുന്ന അത്ഭുതങ്ങളെ വിശ്വസിച്ച അടിമപ്പെൺകുട്ടിയുടെ വാക്കുകളാണ് നിന്ദ്യമായ ത്വക്കുരോഗത്തിൽനിന്നും നയമാനെരക്ഷിച്ചത്. ശാരീരികസൗഖ്യം എന്നത്സൗഖ്യമാക്കൽപ്രക്രിയയുടെ അവസാനഭാഗമാണ്. അതിനുമുമ്പ് ബന്ധങ്ങളും ആത്മീയതയും ക്രമപ്പെടുത്തേണ്ടതുണ്ട്.

**യേശുവിന്റെ സൗൃമാക്കൽ ശുശ്രൂഷ:**യേശുവിന്റെ ശുശ്രൂഷയുടെ മൂന്നു ഘടകങ്ങളായിരുന്നുവല്ലൊ പഠിപ്പിക്കൽ, ഉപദേശിക്കൽ, സൗഖ്യമാക്കൽ (teaching, preaching, healing). എല്ലാ പഠിപ്പിക്കലിലും ഉപദേശിക്കലിലും സൗൃഖമാക്കൽ ഉണ്ട്. സഹോദരൻ കാണിച്ച പിഴവിനോട് എത്രപ്രാവശ്യം ക്ഷമിക്കണം എന്ന ചോദ്യത്തോടുള്ള യേശുവിന്റെപ്രതികരണം മനുഷ്യൻ മനുഷ്യനോടു കാണിക്കുന്നക്ഷമയുടെ എത്രയോ മടങ്ങാണു ദൈവം മനുഷ്യനോടു കാണിക്കുന്നത് എന്നു വ്യക്തമാക്കുന്നു (മത്താ 18:21–35). ആ തിരിച്ചറിവ് പ്രതികാരം, ക്ഷോഭം തുടങ്ങിയ 'മുറിവു'കൾക്ക് ശമനം വരുത്തും. വ്യഭിചാരക്കുറ്റത്തിനു പിടിക്കപ്പെട്ട സ്ത്രീയെ കല്ലെറിഞ്ഞു കൊല്ലാൻ യേശുവിന്റെ സന്നിധിയിൽ കൊണ്ടു വരുമ്പോൾ ശാസ്ത്രിമാരും പരീശന്മാരും ക്ഷുഭിതരായിരുന്നു. എന്നാൽ 'നിങ്ങളിൽ പാപം ഇല്ലാത്തവൻ അവളെ ഒന്നാമത് കല്ലെറിയട്ടെ" എന്ന യേശുവിന്റെവാക്കുകൾ അവരുടെ ക്ഷോഭം എന്ന 'മുറിവി'നെ ഉണക്കുവാൻപര്യാപ്തമായതിനാൽ അവർ ശാന്തരായി പിരിഞ്ഞുപോയി (യോഹ 8:8–11).

അന്ധനായമനുഷ്യൻ (യോഹ 9:1–7) സൗഖ്യം എന്നത് കണ്ണിമയ്ക്കു ള്ളിൽ നടക്കുന്ന മാജിക് ആയല്ല അനുഭവിച്ചറിഞ്ഞത്, പ്രത്യുത, ഒരു പ്രക്രിയ

ആയി (process). 21-ാംനൂറ്റാണ്ടിൽ സൗഖ്യം ഒരു മാജിക് ആയി കാണിക്കാനാണ്/ അനുഭവിക്കാനാണ് ആളുകൾക്കു താൽപ്പര്യം. ഒരു പരസ്യ പ്രചാരണവും നടത്താതെ, ജനപ്രീതി ആവശ്യപ്പെടാതെ മണ്ണിൽതുപ്പി, ചേറുണ്ടാക്കി കണ്ണിൽ പൂശി ശിലോഹാം കുളത്തിൽ കഴുകാൻ യേശു ആവശ്യപ്പെടുന്നു. ഈ സൗഖ്യം അവന്റെ വിശ്വാസത്തിലും ചില പരിവർത്തനങ്ങൾ വരുത്തി. അവനെ ചോദ്യം ചെയ്തപരീശന്മാരോട് അവൻ പറയുന്നത് ശ്രദ്ധിക്കാം: വാ.11-'യേശു എന്ന മനുഷ്യൻ'; വാ.17-'യേശു എന്ന പ്രവാചകൻ'; വാ.33-'യേശു എന്ന ദൈവപുത്രൻ'. യേശുവിനെപ്പറ്റിയുള്ള അറിവിൽ അയാൾ സമ്പൂർണ്ണസൗഖ്യം അനുഭവിക്കുന്നു.

പരീശന്മാർക്ക് ശബ്ബത്തുനാളിലെ ഈ സൗഖ്യമാക്കൽ ഇഷ്ടമായില്ല. യേശു ന്യായപ്രമാണം മുതലായ മതത്തെ സംബന്ധിച്ച സ്ഥിരസങ്കൽപ്പങ്ങളിൽ നിന്നു വഴിമാറി സ്നേഹത്തിന്റെയും കരുണയുടെയും സൗഖ്യത്തിന്റെയും വശംചേർന്നു നടന്നു. യേശുവിനെ സംബന്ധിച്ചിടത്തോളം മനുഷ്യജീവന്റെ (ഇവിടെ അന്ധനായമനുഷ്യന്റെ) വൈശിഷ്ട്യം കാത്തുസൂക്ഷിക്കുകയായി രുന്നു ലക്ഷ്യം, ശബ്ബത്ത് അതിനൊരു ഉപാധിയും. പരീശന്മാരെ സംബന്ധി ച്ചിടത്തോളം നേരെമറിച്ചും. ന്യായപ്രമാണത്തിനു എതിരെയുള്ള കടന്നു കയറ്റമായി അവർ അതിനെ കണ്ടു.നമ്മുടെ മനോഭാവങ്ങളും നിലപാടുകളും സ്നേഹത്തിലും അനുകമ്പയിലും അധിഷ്ഠിതമായിരിക്കണമെന്ന് യേശു പഠിപ്പിക്കുന്നു. യേശുവിന്റെ ഈ ഇടപെടൽകാരണം പരീശന്മാരുടെ മനോഭാവത്തിനുസൗഖ്യം വരുന്നു (വാ.16).

2001 ജനുവരി 26-ാം തിയതി ഗുജറാത്തിലുണ്ടായ ഭൂകമ്പത്തിനു ഭൂമിശാസ്ത്രജ്ഞരും ഭൂകമ്പം പഠിക്കുന്നവരും പരിസ്ഥിതി ശാസ്ത്രജ്ഞരും പലകാരണങ്ങളും നിരത്തിയപ്പോൾ വൈരമുത്തു എന്ന തമിഴ്കവി എഴുതിയത് 'ഗുജറാത്ത് ഭൂകമ്പം മനുഷ്യബന്ധങ്ങൾക്കുസൗഖ്യം നൽകി' എന്നാണ്. സമുദായാംഗങ്ങൾ പരസ്പരം രക്തം നൽകി, ഭക്ഷണം നൽകി, പാർപ്പിടം നൽകി. 2015 ഡിസംബറിൽ ചെന്നൈ നഗരത്തിലുണ്ടായ പേമാരിയും വെള്ളപ്പൊക്കവും മനുഷ്യബന്ധങ്ങളുടെ സാധ്യമായ പുതുതലങ്ങൾ വെളിപ്പെടുത്തി. ക്രൈസ്തവ, ഹൈന്ദവ, മുസ്ലിം ദേവാലയങ്ങൾ ഭക്ഷണത്തിനും താമസത്തിനും ജാതിമത ഭേദമെന്യേ ഏവർക്കും ആശ്രയമായിമാറി. മനുഷ്യമനോഭാവത്തിലും ബന്ധങ്ങളിലും മുറിവുകളിലും സൗഖ്യം വരുത്തുവാൻ ഈ സംഭവങ്ങൾസഹായിച്ചു.

മുറിവേറ്റ ബന്ധങ്ങളെ കൂട്ടിച്ചേർക്കുന്ന സൗഖ്യമാക്കൽ ശുശ്രൂഷ സഭയുടെ ദൗത്യമാണ്. ദൈവത്തിന്റെ രക്ഷണ്യപ്രവർത്തനത്തിലും (യോഹ 3:16) യേശുവിന്റെ ഉപദേശത്തിലും (മത്താ 5:23,24) വ്യക്തമാക്കപ്പെട്ടിരി ക്കുന്നത് ബന്ധങ്ങളിൽ വിള്ളലുണ്ടാക്കി മാറിനിൽക്കുന്ന വ്യക്തിയെ/ സമൂഹത്തെ തിരികെ ചേർക്കേണ്ട ഉത്തരവാദിത്വം അപരാധിയല്ലാത്ത വ്യക്തിക്കു/ സമൂഹത്തിനു തന്നെയാണ്. ഈ റിസ്ക് എടുക്കാനുള്ള മനസ്സാണ് ക്രിസ്തീയ ശുശ്രൂഷയ്ക്ക് അടിസ്ഥാനം.

ലേഖനം

# ദൈവത്തെ ഭയപ്പെടുക

**ഡി.എൽ. നേശരാജ്**

ദൈവത്തെ എന്തിന് ഭയപ്പെടണം?ദൈവത്തെ സ്നേഹിക്കണമെന്നതല്ലേ കൽപ്പന? 'നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കേണം' എന്ന കൽപ്പനയിലോ, മോശെ മുഖേന നല്കപ്പെട്ട 10 കല്പ്പനകളിലോ ദൈവത്തെ ഭയപ്പെടുവാൻ കൽപ്പിച്ചിട്ടില്ല. എന്നാൽ കൽപ്പനകൾക്ക് പുറമേ, ഉപദേശ രൂപത്തിൽ വേദപുസ്തകത്തിൽ അനേകം സ്ഥലങ്ങളിൽ ദൈവത്തെ ഭയപ്പെടുവാൻ പ്രബോധിപ്പിക്കുന്നുണ്ട്. ആവർത്തനം 10:20 ൽ 'നിന്റെ ദൈവമായ യഹോവയെ നീ ഭയപ്പെടേണം...' എന്ന് പറയുന്നു. 'ഭയത്തോടെ യഹോവയെ സേവിപ്പിൻ; വിറയലോടെ ഘോഷിച്ചുല്ലസിപ്പിൻ.' എന്ന് സങ്കീ.2:11 ൽപ്പറയുന്നു. 'അവൻ തന്നേ നിങ്ങളുടെ ഭയവും നിങ്ങളുടെ ഭീതിയും ആയിരിക്കട്ടെ' എന്ന് യെശ.8:13 പറയുന്നു. 'ദൈവഭയത്തിൽ വിശുദ്ധിയെ തികെച്ചുകൊൾക.' എന്ന് 2 കൊരി.7:1 ൽ പൌലോസ് അപ്പോസ്തലൻ ഉത്ബോധിപ്പിക്കുന്നു. 'ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പെട്ടിരിപ്പിൻ' എന്ന് എഫേ.5:21ൽ കാണുന്നു.

ദൈവത്തെ ഭയപ്പെടുവാൻ വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ഭാഗങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ അതെന്തുകൊണ്ടാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. 'പൂർണ്ണ' ഹൃദയത്തോടും, ആത്മാവോടും, ശക്തിയോടും, ദൈവത്തെ സ്നേഹിക്കുവാൻ നമുക്ക് കഴിയുമെങ്കിൽ, അഥവാ, നമ്മുടെ സ്നേഹം യഥാർത്ഥത്തിൽ പൂർണ്ണവും തികഞ്ഞതും (perfect) ആണെങ്കിൽ ദൈവകൽപ്പനകൾ എല്ലാം നാം അണുവിട മാറാതെപാലിച്ചിരിക്കും. അപ്രകാരമുള്ള ഒരു വ്യക്തിക്ക് ദൈവത്തെ ഭയപ്പെടേണ്ട ആവശ്യം ഉണ്ടാകുന്നില്ല. എന്നാൽ മനുഷ്യരാരും തന്നെ സമ്പൂർണ്ണരോ തികഞ്ഞവരോ അല്ല. അതുകൊണ്ടു തന്നെ, കുറവുകളുള്ള (imperfect) മനുഷ്യൻ കൽപ്പനകൾ പാലിക്കുന്നതിൽ വീഴ്ച്ചയുണ്ടാക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. ലംഘനങ്ങൾക്കുള്ള ശിക്ഷയെ ഓർത്തെങ്കിലും പാപത്തിൽ നിന്നും നാംപിന്തിരിയുവാനാണ് ദൈവത്തെ ഭയപ്പെടുവാൻ പറയുന്നത്. ആദംഹവ്വാമാരോട്, വൃക്ഷത്തിന്റെ ഫലം 'തിന്നുന്ന നാളിൽ നീ മരിക്കും' എന്ന് ദൈവം കല്പ്പിക്കുമ്പോൾ, ദൈവം തീർച്ചയായും അപ്രകാരം പ്രവർത്തിക്കുമെന്ന ഭയം അവർക്കില്ലായിരുന്നു. അന്നുവരെ ദൈവത്തിന്റെ സ്നേഹം മാത്രം അനുഭവിച്ചറിഞ്ഞിരുന്ന അവർ പാമ്പിന്റെ ചതിയിൽ വീഴുവാനിടയായി. ദൈവം പറഞ്ഞത് കർശനമായി നടപ്പാക്കുമെന്ന ഭയമുണ്ടായിരുന്നെങ്കിൽ ഒരു പക്ഷെ അവർ പാപത്തിൽ നിന്ന് പിന്മാറിയേനെ.

ഇന്ന് നമ്മളിൽ പലരും ഇതേ അവസ്ഥയിലാണ്; പ്രത്യേകിച്ചും യുവ തലമുറ. ദൈവത്തെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ദൈവത്തെ പേടിയില്ലാത്തത് കാരണം കൽപ്പനകൾ പലപ്പോഴും ലംഘിക്കുന്നു. ചെയ്യരുതാത്തത് ചെയ്യുവാനും, കാണരുതാത്തത് കാണുവാനും, പോകരുതാത്തിടത്ത് പോകുവാനും പരീക്ഷിക്കപ്പെടുമ്പോൾ, ഒരു വശത്ത് യൗവ്വനത്തിന്റെ ആവേശവും ജഡത്തിന്റെ ശക്തമായ മോഹങ്ങളും നമുക്ക് പ്രേരണ നൽകുന്നു. ഇതിനെ ഫലപ്രദമായി പ്രതിരോധിക്കണമെങ്കിൽ ഇതിനുള്ള ശിക്ഷയെക്കുറിച്ചുള്ള ഭയം കൂടുതൽ ശക്തമായി നമ്മിൽ ഉണ്ടാകേണ്ടതുണ്ട്. ദൈവഭയം കുറയുകയോ ഇല്ലാതാകുകയോ ചെയ്യുമ്പോൾ സാത്താന്റെ പ്രേരണ വിജയിക്കുന്നു. ദൈവം സ്നേഹമായതുകൊണ്ട് പേടിക്കേണ്ടതില്ലെന്നും, ഇനി തെറ്റ് ചെയ്താൽ തന്നെ ദൈവം ക്ഷമിച്ചുകൊള്ളും എന്നുമുള്ള ചിന്ത ഉള്ളിന്റെ ഉള്ളിൽ നമ്മിൽ പലർക്കുമുണ്ട്. ഇതെല്ലാം പാപം ചെയ്യാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ്. അതിനാൽ ആഴമായ ദൈവഭയം മാത്രമാണ് ഇതിനുള്ള മറുമരുന്ന്!.

മക്കളോടുള്ള അമിതമായ സ്നേഹം നിമിത്തം അവർ എന്ത് തെറ്റ് ചെയ്താലും കണ്ണടക്കുകയും ചില തെറ്റുകളെ പ്രോത്സാഹിപ്പിക്കുകപോലും ചെയ്യുന്ന ചില മാതാപിതാക്കളുണ്ട്. ഇക്കാരണത്താൽ തന്നെ അവരുടെ മക്കൾക്ക് അവരോട് വളരെ സ്നേഹമായിരിക്കും. പിതാവായ ദൈവത്തിന്റെ! സ്നേഹത്തെ പലരും ഇപ്രകാരമാണ് മനസ്സിലാക്കിയിട്ടുള്ളത്. എന്നാൽ ദൈവസ്നേഹം നീതിയിലും വിശുദ്ധിയിലും നന്മയിലും അധിഷ്ഠിതമാണ്. ഈ സ്നേഹത്തിൽ ആശുദ്ധിക്കോ അനീതിക്കോ തിന്മക്കോ ഇടമില്ല. ഈവക പ്രവൃത്തിക്കുന്നവരെ ശിക്ഷിക്കാതിരുന്നാൽ ദൈവം നീതിമാനുമല്ല, വിശുദ്ധനുമല്ല, നല്ലവനുമല്ല എന്ന് വരുമല്ലോ. ദൈവം പരിശുദ്ധനെന്നു യെശ.6:3 ലും, വെളി.4:8ലും ഉൾപ്പെടെ അനേകം ഭാഗങ്ങളിൽ വേദപുസ്തകം പറയുന്നു. ദൈവം നല്ലവനെന്ന് പഴയനിയമത്തിലും സങ്കീർത്തനങ്ങളിലും ഉടനീളം കാണാം. ദൈവം നീതിമാനെന്നു ആവർ.32:4 ഉം 1യോഹ.1:9 ഉം മറ്റു പല വാക്യങ്ങളും പറയുന്നു. നീതിയോടെ ന്യായം വിധിക്കുന്നവനായ(1പത്രോസ് 2:23) നമ്മുടെ ദൈവം നൽകുന്ന ശിക്ഷ എത്ര കഠിനമാണെന്ന് താഴെ പറയന്ന സംഭവങ്ങൾ വ്യക്തമാക്കുന്നു.

മോശെക്ക് എതിരായി എഴുന്നേറ്റ കോരഹിനെയും കൂട്ടുകാരെയും ഭൂമി വായ് തുറന്നു വിഴുങ്ങിക്കളയുവാൻ ദൈവം ഇടയാക്കി. (സംഖ്യ 16:32)

'നിന്റെ ദൈവമായ യഹോവ എന്ന മഹത്തും ഭയങ്കരവുമായ നാമത്തെ നീ ഭയപ്പെട്ടു ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ഈ ന്യായപ്രമാണത്തിലെ സകല വചനങ്ങളും പ്രമാണിച്ച് അനുസരിച്ച് നടക്കാഞ്ഞാൽ യഹോവ നിന്റെ മേലും നിന്റെ സന്തതിയുടെ മേലും നീണ്ടുനിൽക്കുന്ന അപൂർവ്വമായ മഹാബാധകളും, നീണ്ടുനിൽക്കുന്ന വല്ലാത്ത രോഗങ്ങളും വരുത്തും. 'ആവർ. 28:58, 59ൽ മുന്നറിയിച്ച ഈ ശിക്ഷകളെല്ലാം ഇസ്രായേൽ മക്കൾക്ക് അനുഭവിക്കേണ്ടി വന്നു.

മിശ്രയീമിൽ നിന്നും പുറപ്പെട്ട 603550 യുദ്ധപ്രാപ്തരായ പുരുഷന്മാരിൽ 2 പേർ മാത്രമേ കനാനിൽ എത്തിയുള്ളൂ. ദൈവത്തെ വിശ്വസിക്കാത്തതിനും, അനുസരിക്കാത്തതിനും, പിറുപിറുത്തതിനുമുള്ള ശിക്ഷയുടെ ഫലമായി വെറും 40 വർഷത്തിനുള്ളിൽ ബാക്കി എല്ലാവരും പട്ടുപോയി.

ദൈവത്തെ ഭയപ്പെടാതെ, 'വഴിവിട്ടു മാറി, പലരെയും ഉപദേശത്താൽ ഇടറുമാറാക്കിയ' പുരോഹിതന്മാരെ ദൈവം 'സകല ജനത്തിനും നിന്ദിതരും നീചന്മാരും' ആക്കി. (മലാഖി 2:59).

ഇസ്രായേൽ അന്യദൈവങ്ങളെ സേവിക്കുകയും ശബ്ബത്ത് ലംഘിക്കുകയും ചെയ്തതിന്റെ ശിക്ഷയായി യെരുശലേം പട്ടണം നശിപ്പിക്കുവാനും ദേവാലയം അഗ്നിക്കിരയാക്കുവാനും ജനം അടിമകളായി ബാബിലോണിലേക്കു പോകുവാനും ദൈവം ഇടയാക്കി. അവർ അലക്ഷ്യമാക്കിയ ശബ്ബത്തുക്കൾക്ക് തുല്യമായ എഴുപതു വർഷം അവർ അടിമകളായി കഴിയേണ്ടി വന്നു (2ദിന.36:2021)

യേശു കർത്താവ് പറഞ്ഞ ഉപമയിൽ, കല്യാണ വസ്ത്രം ധരിക്കാത്ത മനുഷ്യനെ കയ്യും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളവാൻ കൽപ്പിക്കുന്നതായി മത്തായി 22:13ൽ കാണുന്നു.

ദൈവസഭയിൽ വ്യാജപ്രവൃത്തി ചെയ്ത അനന്യാസും സഫീരയും അവിടെത്തന്നെ വീണു മരിച്ചതായി അപ്പൊ. 5:110 ൽ എഴുതപ്പെട്ടിരിക്കുന്നു

യേശുവിനെ ക്രൂശിക്കുവാൻ ആർത്തു വിളിച്ചവർ 'അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ' എന്ന് പറഞ്ഞതിന്റെ ഫലമായി ഇസ്രായേൽ ജനത്തിന്റെ മേൽവന്ന ശാപം സകല വിവരണങ്ങൾക്കും അതീതമായിരുന്നു. ലോകം മുഴുവൻ ചിതറിപ്പോയ ജനം രണ്ടായിരത്തോളം വർഷങ്ങൾ അതത് രാജ്യങ്ങളിലെ പീഡനങ്ങൾ സഹിച്ച്കഴിഞ്ഞതിനു പുറമേ, ജൂതന്മാരെ മുഴുവൻ കൊന്നൊടുക്കുവാനുള്ള ഹിറ്റ്ലറുടെ നടപടി മൂലം സഹിക്കേണ്ടിവന്ന ക്രൂരതകൾ സമീപകാല ചരിത്രമാണല്ലോ.

ഇതുപോലുള്ള ശിക്ഷകൾ അർഹിക്കുന്നവരാണ് നാം ഓരോരുത്തരും. എന്നാൽ നമ്മെ അതിൽ നിന്നും വിടുവിക്കാനായി ദൈവപുത്രൻതന്നെ നമ്മുടെ ശിക്ഷ ഏറ്റെടുത്ത് ക്രൂശുമരണം വരിച്ചു. ദൈവസ്നേഹത്തിന്റെ നിസ്തുലത ഇതിൽ നാം കാണുന്നു. ക്രിസ്തു നല്കിയ ഈ മറുവിലയെ അംഗീകരിക്കുന്ന ഏവർക്കും ശിക്ഷയിൽ നിന്നും വിടുതൽ ലഭിക്കുന്നു എന്നതാണല്ലോ നാം ഘോഷിക്കുന്ന സുവിശേഷം. എങ്കിൽ പിന്നെ എന്തുകൊണ്ട് ദൈവത്തെ ഭയപ്പെടുവാൻ പറയുന്നു?

(അടുത്ത ലക്കത്തിൽ തുടരും)

# ക്യാൻസർ – ജീവിതത്തിന്റെ അവസാന അദ്ധ്യായമല്ല

ഡോ. ശാന്താ യേശുദാസ്
(ശാന്തിദൂത് ഹോസ്പിറ്റൽ, പാൽക്കുന്ന്)

ഫെബ്രുവരി 4 – രാജ്യാന്തര ക്യാൻസർ ദിനം. വേദനയുടെ ലോകം രോഗികൾക്ക് സമ്മാനിച്ചുകൊണ്ട് ആയുസ്സിന്റെ വില പേശുന്ന മാരകരോഗങ്ങളിലൊന്നാണ് ക്യാൻസർ അഥവാ അർബുദം. ലോകമെമ്പാടും പ്രതിവർഷം 70 ലക്ഷം പേരെ ഈ ഭീകരൻ കൊന്നൊടുക്കുന്നു എന്നാണ് ലോകാരോഗ്യ സംഘടനയുടെ പഠനങ്ങൾ തെളിയിക്കുന്നത്. ഈ രോഗത്തിന് അടിമകളായി മരണത്തെ മുഖാമുഖം കണ്ട്, തങ്ങളുടെ പ്രിയപ്പെട്ടവരോട് അന്ത്യയാത്രാമൊഴി പറഞ്ഞുകഴിഞ്ഞ രോഗികൾ പോലും കൃത്യമായി രോഗനിർണ്ണയം, വിദഗ്ധ ചികിത്സ എന്നിവയിലൂടെ ജീവിതത്തിലേക്ക് മടങ്ങിവന്ന് ഇന്നും സന്തോഷത്തോടെ കഴിയുന്നുണ്ട്.

### ക്യാൻസർ എന്നാൽ എന്താണ്?

ഒരുപറ്റം കോശങ്ങളുടെ അമിതവും അനിയന്ത്രിതവുമായ വളർച്ചയാണ് അർബുദ രോഗത്തിൽ സംഭവിക്കുന്നത്. നമ്മുടെ ശരീരത്തിലെ ഏത് അവയവത്തെ രോഗം ബാധിക്കുന്നുവോ അതിന് അനുസരിച്ച് രോഗത്തിന്റെ പേരും വ്യത്യസ്തമാണ്. ഉദാഹരണമായി രക്താർബുദം ലുക്കീമിയ എന്ന പേരിൽ അറിയപ്പെടുമ്പോൾ ചിലതരം പേശികളെ ബാധിക്കുന്ന അർബുദം സാർക്കോമ എന്ന പേരിൽ അറിയപ്പെടുന്നു. കുട്ടികളിൽ മാത്രം കണ്ടുവരുന്ന ചില പ്രത്യേകതരം ക്യാൻസറുകളും ഉണ്ട്.

### പകർച്ചവ്യാധിയല്ല; പക്ഷേ ജനിതക സ്വഭാവമുള്ള രോഗമാണ്

ക്യാൻസർ കോശങ്ങളെ ഒരു രോഗിയുടെ ശരീരത്തിൽ നിന്ന് കുത്തിയെടുത്ത് മറ്റൊരു രോഗിയുടെ ശരീരത്തിൽ കുത്തിവെച്ചാൽപോലും രോഗബാധ ഉണ്ടാകാറില്ല; പക്ഷേ കേംബ്രിഡ്ജ് സർവ്വകലാശാലയിലെ വിദഗ്ധരുടെ അഭിപ്രായം ക്യാൻസർ ജനിതക സാധ്യതയുള്ള രോഗമാണെന്നാണ്. ഉദാഹരണമായി സ്തനാർബുദം, വൻ കുടലിലെ ക്യാൻസറുകൾ എന്നിവ ചില കുടുംബങ്ങളിലെ അമ്മ, മകൾ, സഹോദരിമാർ എന്നിങ്ങനെ രക്തബന്ധത്തിലുള്ള വ്യക്തികളിൽ കണ്ടുവരുന്നത് പാരമ്പര്യത്തിന്റെ സ്വാധീനം നിമിത്തമാണ്.

